ശ്രീ. ടി. കെ നാരായണപിള്ള : പ്രത്യേകകാരണങ്ങൾ ഒന്നുമുണ്ടായിരുന്നില്ല.

ശ്രീ. ജോസഫ് മാത്തൻ : അതേസംബന്ധിച്ചു ഗവണ്മെണ്ട് അന്വേഷണം നടത്തി വേണ്ട പരിഹാരമുണ്ടാക്കിയിട്ടില്ലെങ്കിൽ ചേർത്തല താലൂക്കിലുള്ളവർ നിത്യദാരിദ്ര്യം അനുഭവിക്കേണ്ടിവരും എന്നുള്ളതു ഗവണ്മെണ്ടിനറിയാമോ ?

മിസ്റ്റർ സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല, ഉത്തരം പറയേണ്ട ആവശ്യമില്ല.

EX-SERVICE PERSONNEL

*145. [6] Sri. D. Gnanasigamoni : Will the Hon'ble Minister for Land be pleased to state :—

(a) whether any special concession is shown to ex-service personnel in the matter of assignment of lands ;

(b) the total number of ex-servicemen who had applied for such land ; and

(c) the total area of land assigned to them so far ?

Chief Minister (Sri. T. K. Narayana Pillai):

(a) Yes.

(b) 8,156.

(c) 7,423 acres 98 cents.

Sri. D. Gnanasigamoni : Is it true that such assignments are now kept in abeyance ?

Sri. T. K. Narayana Pillai : I am not in a position to say definitely, but, if my memory is correct, there has been such an order.

Sri. D. Gnanasigamoni : May I know whether there is any direction from the Centre that the ex-servicemen should be given top priority in the matter of assignment of lands ?

Sri. T. K. Narayana Pillai : That has been the policy adopted by this Government all along.

ശ്രീ. കെ. രാമചന്ദ്രൻ : ലാൻഡ് കമ്മിറ്റിയിൽ എക്സ്സർവ്വീസുകാരുടെ പ്രതിനിധികൾ ആരെങ്കിലുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നോട്ടീസുകൂടാതെ ആ ചോദ്യത്തിനു് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഐ. എൻ. എ. കാരെ എക്സ്സർവ്വീസുകാരായി നണിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അവരെ അങ്ങിനെതന്നെ പരിഗണിക്കേണ്ടതാണെന്നു് ഇൻഡ്യാഗവണ്മെണ്ടിന്റെ പ്രത്യേകനിർദ്ദേശമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : എക്സ്സർവ്വീസുകാർക്കു ഭൂമി കൊടുക്കുന്നതു വ്യക്തികൾക്കായിട്ടാണോ, അതോ സഹകരണസംഘങ്ങൾക്കാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു രണ്ടുതരത്തിലും ഉണ്ടെന്നാണു് തോന്നുന്നതു്.

EX-A. N. S. NURSES

*146. [7] Sri. Joseph Mathew : Will the Hon'ble Minister for Finance and Revenue be pleased to state whether Ex-A. N. S. Nurses are eligible for appointment in the Government Hospital as Nurses irrespective of their educational qualifications ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:) ശവമ്മെണ്ടാഗ്രുപത്രികളിൽ എ. എൻ. എസ്സ്. നഴ്സുകളെ ആരേയും നിയമിച്ചിട്ടില്ല. അങ്ങിനെ നിയമിക്കാത്തതിനു കാരണം അവക്ക് അതിനുവേണ്ട യോഗ്യതകൾ ഇല്ലെന്നുള്ളതാണ്.

ശ്രീ. ജോസഫ് മാത്തൻ: അവക്ക് മിലിട്ടറി സർവ്വീസിൽനിന്നും കിട്ടിയിട്ടുള്ള പരിശീലനം ആഗ്രുപത്രികളിൽ നഴ്സുകളായി നിയമിക്കപ്പെടുന്നതിനു മതിയായ യോഗ്യതയല്ലെന്നാണോ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: അതേ, അങ്ങിനെതന്നെയാണ്. ആഗ്രുപത്രികളിൽ നഴ്സായി നിയമിക്കപ്പെടുന്നതിനു നാലുകൊല്ലത്തെ പ്രായോഗികപരിശീലനം ഉണ്ടായിരിക്കണമെന്നും സ്റ്റാഫ്നൈനൽ ക്ലാസുവരെ പഠിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. എ. എൻ. എസ്സ്. നഴ്സുകൾക്കു ഈവക യോഗ്യതകൾ കന്നുമില്ല. ആറുമാസത്തെ പരിശീലനം മാത്രമാണ് അവക്ക് ലഭിക്കുന്നതു്.

പാഠ്യപുസ്തകക്കമ്മിറ്റി അംഗങ്ങൾ

*ഫര(൭). (വ) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സ്റ്റാംവർഷത്തേക്കു് പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഒരു കമ്മിറ്റി ഉണ്ടായിരുന്നുവോ;

(ബി) ഈ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) കമ്മിറ്റി അംഗങ്ങളുടെ പേരുകൾ രഹസ്യമായി സൂക്ഷിക്കുവാൻ കാരണമെന്തു്;

(ഡി) ഈ കമ്മിറ്റി അംഗങ്ങളെ നിയമിച്ചതാരായിരുന്നു;

(ഇ) പതിനഞ്ചുപാവീതം ഫീസുവാങ്ങിയിരുന്നിട്ടും ഏതാനും പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്കു കമ്മിറ്റിയുടെ പരിശോധനക്കു് അയക്കാതിരുന്നതു എന്തുകൊണ്ടാണു്;

(എഫ്) 'ഭാസ്കരമേനോൻ' എന്ന പുസ്തകം കമ്മിറ്റിക്കു പരിശോധനക്കയക്കാതെ പാഠ്യപുസ്തകമായി സ്വീകരിച്ചതെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടായിരുന്നു.

(ബി) കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് ഇതോടൊന്നിച്ചു ചേർത്തിട്ടുണ്ടു്. അതൊരു നീണ്ട ലിസ്റ്റാണു്. അതു മേശപ്പുറത്തു വയ്ക്കുന്നു.

(സി) പരിശോധകന്മാരിൽ പ്രസാധകന്മാർ സ്വാധീനശക്തി പ്രയോഗിക്കാൻ സൗകര്യം കൊടുക്കാതെ പുസ്തകങ്ങളെ നിഷ്പക്ഷമായ പരിശോധനക്കു വിധേയമാക്കണമെന്നു വിചാരിച്ചതിനാലാണു് കമ്മിറ്റിഅംഗങ്ങളുടെ പേരുകൾ ആദ്യം രഹസ്യമായി സൂക്ഷിച്ചതു്.

(ഡി) ശവമ്മെണ്ടു്.

(ഇ) പുസ്തകങ്ങൾ കമ്മിറ്റിക്കു സമർപ്പിക്കുന്നതിനു ചില നിയമങ്ങൾ ഉണ്ടായിരുന്നു. നിയമപ്രകാരം കമ്മിറ്റിക്കയച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും കമ്മിറ്റിയുടെ പരിശോധനക്കയച്ചിട്ടുണ്ടു്.

(എഫ്) അഞ്ചാം ഫാറത്തിലേക്കു മലയാളത്തിൽ നോൺഡീറ്റെയിൽഡ് ടെക്സ്റ്റ്റീഡറായി രണ്ടു പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടിയിരുന്നു. എന്നാൽ കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഒരുപോലെ അംഗീകരിച്ച ലിസ്റ്റിൻപ്രകാരം ഒരു പുസ്തകമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ മറ്റൊരു പുസ്തകംകൂടി തെരഞ്ഞെടു

LIBRARY ARCHIVES Kerala Legislative Assembly